DESPATCHED
O.. 17/3/22....

15/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 20(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 363/SIC-G4/2022)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മാർച്ച് 15

ശ്രീ. അനിൽകുമാർ എസ്സ്.,
ഇൻഷുറൻസ് ഇൻവെസ്റ്റിഗേറ്റർ
(എ.ആർ & അസോസിയേറ്റ്സ്)
റൂം നമ്പർ: 6, ഫസ്റ്റ് ഫ്ളോർ,
എഡ്വിൻ സെന്റർ, മതിലിൽ പി.ഒ.,
കൊല്ലം – 691 601. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
തിരുവല്ല പോലീസ് സ്റ്റേഷൻ,
തിരുവല്ല, പത്തനംതിട്ട.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
തിരുവല്ല, പത്തനംതിട്ട. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 04/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/03/2022 -വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി - ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനിൽകുമാർ എസ്സ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ തിരുവല്ല പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം രജിസ്റ്റേർഡ്

തപാലായി സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആയത് വിവരാവകാശ നിയമലംഘനമായി കണക്കാക്കി ടിയാൻ ആവശ്യപ്പെട്ട റിക്കാർഡുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികളിൽ നിന്നും വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം നടപടി സ്വീകരിച്ച് പിഴ ഈടാക്കണമെന്നും ടിയാനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് 1500/– രൂപ എതിർകക്ഷികളിൽ നിന്നും ഈടാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 2.9.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തിരുവല്ല പോലീസ് സ്റ്റേഷനിലെ ക്രൈം നം. 1663/16, 276/20 നമ്പർ വാഹനാപകട കേസ്സുമായി ബന്ധപ്പെട്ട F.I.R, F.I.S, നോട്ടീസ്സുകൾ, മറുപടികൾ, Charge Sheet, കൃത്യസ്ഥല മഹസ്സർ, വാഹന മഹസ്സർ, എ.എം.വി.ഐ റിപ്പോർട്ട്, വൂണ്ട് സർട്ടിഫിക്കറ്റുകൾ, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, ഇൻക്വസ്റ്റ് റിപ്പോർട്ട്, വാഹനങ്ങളുടെ ആർ.സി. ബുക്കുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ, പെർമിറ്റ്, ഫിറ്റ്നസ്, ഇൻഷുറൻസ് പോളിസികൾ എന്നിവയുടെ പകർപ്പുകളും ആയതിനായി ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ, അപ്പീൽ അധികാരിയുടെ മേൽവിലാസം തുടങ്ങിയ വിവരങ്ങളും നൽകണമെന്നാണ്.

3. ഹർജിക്കാരൻ 30.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ തിരുവല്ല പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഒരു മാസം കഴിഞ്ഞിട്ടും ആവശ്യപ്പെട്ടിട്ടുള്ള രേഖകളോ മറുപടികളോ ലഭ്യമാക്കിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 26.11.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, തിരുവല്ല പോലീസ് സ്റ്റേഷൻ ക്രൈം. 1663/2016 പ്രകാരമുള്ള കേസ്സിലെ രേഖകൾ ലഭ്യമാക്കുന്നതിന് ടി അപേക്ഷ തിരുവല്ല ഐ.എസ്.എച്ച്.ഒ.യുടെ ഓഫീസിലേക്ക് അയച്ചു കൊടുത്തിരുന്നതും ആയത് പ്രകാരം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ 4.9.2021 തീയതി ടിയാനിൽ നിന്നും പോലീസ് സ്റ്റേഷനിൽ ഇതേ അപേക്ഷ ലഭിച്ചിരുന്നതായും ടി സി.ഡി. ഫയൽ അന്വേഷിച്ചതിൽ മിസ്പ്ലേസ് ആയിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ റിക്കാർഡുകൾ നൽകുവാൻ ഇടയായിട്ടില്ലെന്നും തുടർന്ന് ടി അപ്പീലിന്റെ അടിസ്ഥാനത്തിൽ ടി സി.ഡി. ഫയൽ തുടർന്നും അന്വേഷിച്ചെങ്കിലും ആയത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണെന്നും പ്രസ്തുത സി.ഡി. ഫയൽ കണ്ടെത്തുന്നതിനായി ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും ആയത് കണ്ടെത്തുന്ന മുറയ്ക്ക് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 04.02.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തെങ്ങോലി എന്ന സ്ഥലത്തു വച്ച് ശ്രീ. രഞ്ജിത് എന്നയാൾ അമിത വേഗതയിലും അശ്രദ്ധമായും ഓടിച്ചു കൊണ്ടു വന്ന കെ.എൽ-27-സി 8496-ാം നമ്പർ ഓട്ടോറിക്ഷ ടി വഴിയിലൂടെ നടന്നു പോയ ശ്രീമതി ലീലാമ്മ ചാക്കോയെ ഇടിക്കുകയും ആയതിൽ വച്ച് ടിയാൾക്ക് ഇടതുകാലിന് ഒടിവും മറ്റ് ഗുരുതരമായ പരിക്കുകൾ സംഭവിക്കുകയും ആയത് സംബന്ധിച്ച് പരാതിക്കാരിയായ ശ്രീമതി ലീലാമ്മ ചാക്കോ തിരുവല്ല ജെ.എഫ്.എം. കോടതിയിൽ പരാതി നൽകുകയും ടി പരാതി സി.എം.പി.4075/16-ാം നമ്പരായി തിരുവല്ല പോലീസ് സ്റ്റേഷനിലേക്ക് അയച്ചു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ തിരുവല്ല പോലീസ് സ്റ്റേഷൻ 1663/16 U/s 279, 337, 338 IPC പ്രകാരം 18.6.2016 തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതിയായ ശ്രീ. രഞ്ജിത്തിനെ അറസ്റ്റ് ചെയ്തിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി 25.8.2016 തീയതി ചാർജ് ഷീറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണെന്നും തുടർന്ന് ടി കേസ്സിന്റെ സി.ഡി.ഫയൽ പോലീസ് സ്റ്റേഷനിലെ കോടതി മുറിയിൽ സൂക്ഷിച്ചു വന്നിരുന്നതാണെന്നും 15.6.2019 തീയതി കോടതി മുറിയായി ഉപയോഗിച്ചു വന്ന മുറി അപ്രതീക്ഷിതമായി ഇടിഞ്ഞു വീണതിനെ തുടർന്ന് ഫയലുകൾ മറ്റൊരു മുറിയിലേക്ക് മാറ്റിയിട്ടുള്ളതാണെന്നും അക്കൂട്ടത്തിൽ ക്രൈം.1663/16-ാം നമ്പർ കേസ്സിന്റെ ഉൾപ്പെടെയുള്ള സി.ഡി ഫയലുകൾ മിസ്പ്ലേസ് ആയി പോയിട്ടുള്ളതാണെന്നും തുടർന്ന് ശ്രീ. അനിൽകുമാർ ടി കേസ്സിന്റെ സി.ഡി. ഫയലിന്റെ പകർപ്പുകൾ ആവശ്യപ്പെട്ട് 4.9.2021 തീയതി അപേക്ഷ നൽകിയിരുന്നുവെങ്കിലും ടി സി.ഡി. ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ പകർപ്പുകൾ നൽകുവാൻ സാധ്യമല്ല എന്ന് 23.9.2021-ന് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന് ടിയാൻ സമർപ്പിച്ച അപ്പീൽ പ്രകാരം സി.ഡി. ഫയൽ അന്വേഷിച്ചുവെങ്കിലും ആയത് വീണ്ടും കണ്ടെത്താൻ ഇടയായിട്ടില്ലാത്തതാണെന്ന മറുപടി തിരുവല്ല ഡി.വൈ.എസ്.പി.ക്ക് 26.11.2021 തീയതി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് അപേക്ഷകനായ ശ്രീ. അനിൽകുമാർ അപ്പീൽ നൽകുകയും ആയത് ടി ഓഫീസിലേക്ക് അയച്ചു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചുവെങ്കിലും ഫയൽ കണ്ടെത്താൻ ഇടയായിട്ടില്ലാത്തതാണെന്നും മേൽ ഓഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണം തിരുവല്ല പോലീസ് സ്റ്റേഷൻ ക്രൈം. 1663/16 U/s 279, 337, 338 IPC പ്രകാരമുള്ള കേസ്സിന്റെ സി.ഡി. ഫയൽ കണ്ടെത്തി താമസംവിനാ ഹർജിക്കാരന് പകർപ്പുകൾ നൽകുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 2.9.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും

ഒന്നാം എതിർകക്ഷി നൽകിയതായി കാണുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാതിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1), 20(2) വകുപ്പുകൾ പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ ഒന്നാം എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 31.3.2022-നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. സി.ഡി. ഫയൽ മിസ്പ്ലേസ് ആയതിനാലാണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതെന്നും ആയത് കണ്ടെത്തുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയുമാണെന്ന ഒന്നാം എതിർകക്ഷിയുടെ വാദം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഒരു സീനിയർ ഉദ്യോഗസ്ഥൻ ഉൾപ്പെടെ രണ്ടോ മൂന്നോ അംഗങ്ങൾ അടങ്ങുന്ന ഒരു ടീം രൂപീകരിച്ച് തെരച്ചിൽ നടത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തി ഹർജിക്കാരന് സൗജന്യമായി 31.3.2022-നകം നൽകണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം ഫയൽ കണ്ടെത്താൻ സാധിക്കുന്നില്ലെങ്കിൽ പ്രസ്തുത ഫയൽ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് ലഭ്യമായ രേഖകൾ ഹർജിക്കാരന് നൽകണമെന്നും ടി നടപടി വിവരം 10.4.2022-നകം രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 15-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി